# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**08/02/2016 ൽ മറുപടിയ്ക്ക്**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 65**

## അപകടമരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| **പ്രൊഫ. സി.രവീന്ദ്രനാഥ്** | | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) അപകടമരണം സംഭവിക്കുന്ന വരുടെ ആശ്രിതർക്ക് പരമാവധി എത്ര രൂപയാണ് നൽകുന്നത്; | (എ) | വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിയാത്തതും, അപകടമരണം സംഭവിച്ച് 1 വർഷത്തിനകം അപേക്ഷ സമർപ്പിക്കുന്നതുമായ അപേക്ഷകർക്ക് മുഖ്യമന്ത്രിയുടെ വിവേചനാധികാരമുപയോഗിച്ച് പരമാവധി 1 ലക്ഷം രൂപ വരെ ആശ്വാസ ധനസഹായം അനുവദിയ്ക്കുന്നു. മന്ത്രിസഭ യുടെ തീരുമാനപ്രകാരം 1 ലക്ഷം രൂപയിൽ കൂടുതലും അനുവദിക്കുന്നുണ്ട്.<br>വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/ റോഡപകടം പോലുള്ള ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് ഒരു കുടുംബ ത്തിന് പരമാവധി രണ്ട് ലക്ഷം രൂപാവീതം എന്ന നിരക്കിൽ ധനസഹായം നല്കുന്നു.<br>സ്ഫോടകശക്തിയുള്ള ഇന്ധനങ്ങളോ മറ്റു പദാർത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകട ത്തിൽപ്പെടുമ്പോഴോ അതുപോലുള്ള ആകസ്മിക ദുര ന്തങ്ങളിലോ മരണമടയുന്നവരുടെ കുടുംബത്തിന് പ്രാഥമിക സഹായമായി ഒരു ലക്ഷം രൂപ നൽകുന്ന താണ്. |
| (ബി) പ്രസ്തുത തുക വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയത് എത്ര രൂപ വരെയാ ണെന്ന് വിശദമാക്കാമോ; | (ബി) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (സി) അപകടത്തിൽപ്പെട്ടവർക്ക് അടിയന്തര സഹായം നൽകു വാനായി കളക്ടർ അനുവദി ക്കുന്ന തുക അപര്യാപ്തമാ ണെന്ന കാര്യം ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ;<br>(സി) ഉണ്ടെങ്കിൽ പ്രസ്തുത തുക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കാമോ? | | (സി) യും (ഡി)യും<br>ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ